"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - SIUC ഒഴികെ ക്രിസ്തുമത വിഭാഗത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങൾക്ക് 21.06.2021 ലെ സ.ഉ(കൈ)നം.8/2021 പ്രകാരം അനുവദിച്ച് വന്നിരുന്ന SEBC (Socially and Educationally Backward Classes) വിദ്യാഭ്യാസ ആനുകൂല്യം നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.3/2023/BCDD തീയതി,തിരുവനന്തപുരം, 11-09-2023

---

പരാമർശം:- 1. സ.ഉ(കൈ)നം.08/2021/പി.വി.വി.വ തീയതി 21.06.2021.

2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 02.08.2022 ലെ BCDIR/470/2022-B2 നമ്പർ. കത്ത്.

ഉത്തരവ്

SIUC ഒഴികെ ക്രിസ്തുമത വിഭാഗത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങൾക്ക് അനുവദിച്ച് വന്നിരുന്ന SEBC (Socially and Educationally Backward Classes) വിദ്യാഭ്യാസ ആനുകൂല്യം നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(2) സ.ഉ(കൈ)നം.02/2021/പിവിവിവ തീയതി 06.02.2021 ഉത്തരവ് പ്രകാരം എസ്.ഐ.യു.സി (SIUC) ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായങ്ങളെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തിയും, സ.ഉ(കൈ)നം.08/2021/പിവിവിവ തീയതി 21.06.2021 ഉത്തരവ് പ്രകാരം ടി വിഭാഗത്തെ S E B C പട്ടികയിൽ ഉൾപ്പെടുത്തിയും ഉത്തരവായിരുന്നു. എന്നാൽ S I U C ഒഴികെയുള്ള ക്രിസ്തുമതവിഭാഗത്തിലുള്ള നാടാർ സമുദായങ്ങളെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തിയ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ WP(C)12575/2021 നമ്പർ കേസ് ഫയൽ ചെയ്യുകയും തുടർന്ന് 06.02.2021 ലെ സ.ഉ (കൈ)നം.02/2021/പിവിവിവ സർക്കാർ ഉത്തരവിന്മേലുള്ള തുടർ നടപടികൾ ഇടക്കാല ഉത്തരവിലൂടെ ബഹു.ഹൈക്കോടതി സ്റ്റേ ചെയ്യുകയുമുണ്ടായി.

(3) ഇതിനുശേഷം കേന്ദ്ര സർക്കാർ 105-ാം ഭരണഘടനാ ഭേദഗതി നിയമം കൊണ്ടുവരികയും ,ആയത് പ്രകാരം അനുഛേദം 342 A-ൽ (3) -ാം ഉപവകുപ്പ് കൂട്ടിച്ചേർക്കുകയും ചെയ്തു. ടി ഉപവകുപ്പ് പ്രകാരം സംസ്ഥാന സർക്കാരുകൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും നിയമാനുസൃതം സംസ്ഥാന ആവശ്യങ്ങൾക്കായി സാമൂഹ്യപരമായും

വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനും പരിപാലിക്കുന്നതിനും അധികാരം നൽകിയതിനെ തുടർന്ന് സംസ്ഥാനത്തിന് നിയമ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് വ്യക്തമാക്കി ബഹു.ഹൈക്കോടതി WP(C)No. 12575/2021 നമ്പർ കേസിൽ തീർപ്പ കൽപ്പിക്കുകയുണ്ടായി. തുടർന്ന് 06.02.2021 ലെ സ.ഉ(കൈ) നം.02/2021/പിവിവിവ നമ്പർ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും , SIUC ഒഴികെ ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തെ 15.08.2021 തീയതി മുതൽ പ്രാബല്യത്തിൽ വരുത്തി സംസ്ഥാന ഒ.ബി.സി പട്ടികയിൽ വീണ്ടും ഉൾപ്പെടുത്തിയും 25.2.2022-ലെ സ.ഉ(കൈ) നം.1/2022/പിവിവിവ പ്രകാരം ഉത്തരവായി. എന്നാൽ ബഹു.കോടതി ഉത്തരവ് മൂലം ഒ.ബി.സി ആനുകൂല്യം നൽകിയിരുന്ന ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് പുതുക്കിയ ഉത്തരവ് (25.2.2022-ലെ സ.ഉ(കൈ) നം.1/2022/പിവിവിവ) പുറപ്പെടുവിച്ചുവെങ്കിലും, ഈ വിഭാഗങ്ങൾക്ക് SEBC ആനുകൂല്യം നൽകിയ ഉത്തരവ് നിലനിർത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. ഇക്കാരണത്താൽ മേൽ വിഭാഗങ്ങൾക്ക് ഇപ്പോൾ SEBC ആനുകൂല്യം ലഭിക്കുന്നില്ല.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. SIUC ഒഴികെ ക്രിസ്തുമത വിഭാഗത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങൾക്ക് 21.06.2021 ലെ സ.ഉ(കൈ) നം.8/2021 പ്രകാരം അനുവദിച്ച് വന്നിരുന്ന SEBC (Socially and Educationally Backward Classes) വിദ്യാഭ്യാസ ആനുകൂല്യം നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരളനിയമസഭ, നിയമസഭ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) , കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജിഎസ്.എസ്.എ) , കേരളം, തിരുവനന്തപുരം.
രജിസ്ട്രാർ, എല്ലാ യൂണിവേഴ്സിറ്റികളും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും

സ.ഉ.(കൈ) നം.3/2023/BCDD

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

ഉന്നത വിദ്യാഭ്യാസ വകുപ്പ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പ്

പൊതുഭരണ (എസ് സി ) വകുപ്പ് 07-09- 2023 ലെ ഇനം നമ്പർ 1725 പ്രകാരം

കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Padmasekhar P
Date: 11-09-2023 22:48:50

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്